മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജനുവരി 13

# വാർത്താക്കുറിപ്പ്

## ഇന്നത്തെ ( ജനുവരി 14) പരീക്ഷ മാറ്റി

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ന് ( ജനുവരി 14) നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചതായി പരീക്ഷാ കൺട്രോളർ അറിയിച്ചു. തൈപ്പൊങ്കൽ പ്രമാണിച്ചുള്ള പ്രാദേശീകാ വധി ജനവരി 15 ൽ നിന്നും 14 ലേക്ക് മാറ്റി സർക്കാർ ഉത്തരവായ സാഹചര്യത്തിലാണ് മാറ്റം. പുതുക്കിയ തിയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/59/2022)

## അഭയാർത്ഥി പ്രശ്നങ്ങൾ വഷളാകുന്നതിന് കാരണം നയരാഹിത്യം: പ്രൊഫ. ബന്ധു

അഭയാർത്ഥികളെ സംബന്ധിച്ച വ്യക്തമായ നയങ്ങളുടെയും ശരിയായ നിയമനിർമ്മാണത്തിൻ്റെയും അഭാവത്തിൽ അഭയാർത്ഥികളും രാജ്യവും വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുകയാണെന്ന് മനുഷ്യാവകാശ പ്രവർത്തകയും ഗവേഷകയും എഴുത്തുകാരിയുമായ പ്രൊഫ. പ്രാഞ്ചലി ബന്ധു അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാല -വിവേകാനന്ദ ചെയറിൻ്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ 'ഇന്ത്യയിലെ അഭയാർത്ഥി പ്രശ്നങ്ങൾ ' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തുകയായിരുന്നു ചെയർ പ്രൊഫസർ കൂടിയായ അവർ.

സ്വതന്ത്ര ഇന്ത്യയുടെ ആദ്യ നാളുകൾ മുതൽ രാജ്യം അഭയാർത്ഥി പ്രശ്നങ്ങൾ നേരിടുകയാണ്. കൊളോണിയൽ ഭരണത്തിൻ്റെ 'ഭിന്നിപ്പിച്ച ഭരിക്കുക' എന്ന നയമാണ് ഇന്ത്യാവിഭജനത്തിനും അതേ തുടർന്നുണ്ടായ വൻതോതിലുള്ള അഭയാർത്ഥി പ്രവാഹത്തിനും വഴിവച്ചത്. തുടർന്നിങ്ങോട്ട്, യുദ്ധം, ഭീകരവാദം, വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള കുടിയൊഴിപ്പിക്കൽ, തൊഴിലില്ലായ്മ തുടങ്ങി നിരവധി കാരണങ്ങൾ മൂലമുള്ള അഭയാർത്ഥി പ്രശ്നങ്ങൾക്ക് രാജ്യം പലയവസരങ്ങളിലും സാക്ഷ്യം വഹിച്ചിട്ടുണ്ട്.

സുദീർഘമായി രാജ്യത്ത് നിലനിൽക്കുകയും വളരെയേറെ ജനങ്ങളെ ബാധിക്കുകയും ചെയ്യുന്ന പ്രശ്നമാണെങ്കിലും ഇതു സംബന്ധിച്ച് ശരിയായ നയം രൂപീകരിക്കാനോ അഭയാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനോ രാജ്യത്തിന് കഴിഞ്ഞിട്ടില്ലെന്നത് ഏറെ ഖേദകരമായ കാര്യമാണെന്നും പ്രൊഫ. ബന്ധു പറഞ്ഞു. നിലവിൽ ഏകദേശം 1.4 ദശലക്ഷം അഭയാർത്ഥികൾ രാജ്യത്ത് ഉള്ളതായാണ് ഔദ്യോഗിക കണക്കുകൾ പറയുന്നത്. എന്നാൽ യഥാർത്ഥ കണക്കുകൾ സൂചിപ്പിക്കുന്നത് അഭയാർത്ഥികളുടെ എണ്ണം ഇതിൻ്റെ പല മടങ്ങ് വരുമെന്നതാണ്.

സാമ്പത്തിക പരാധീനതകൾ, തൊഴിലില്ലായ്മ, സാമൂഹ്യമായ ഒറ്റപ്പെടൽ, കുട്ടികളുടെ ആരോഗ്യ-വിദ്യാഭ്യാസ പ്രശ്നങ്ങൾ, സ്ത്രീകൾ നേരിടുന്ന ലിംഗവിവേചനവും ശാരീരിക പീഡനങ്ങളും തുടങ്ങി അഭയാർത്ഥി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണെന്ന് പ്രൊഫ. ബന്ധു ചൂണ്ടിക്കാട്ടി. എന്നാൽ കാലാകാലങ്ങളിലുണ്ടായ സർക്കാരുകൾ ഇക്കാര്യത്തിൽ കാര്യമായ ശ്രദ്ധ ചെലുത്തിയില്ലെന്നതാണ് വസ്തുത. അടുത്തയിടെ പാർലമെൻ്റ് പാസ്സാക്കിയ പൗരത്വ ഭേദഗതി നിയമം അഭയാർത്ഥികളുടെ വിഭജനത്തിനും അവരുടെ മേൽ വിവേചനം അടിച്ചേൽപ്പിക്കുന്നതിനും ഇടയാക്കുന്നതാണെന്നും അവർ പറഞ്ഞു.

സങ്കുചിതമായ ദേശീയ- പ്രദേശിക ചിന്തകൾക്കപ്പുറം മാനുഷികവും രചനാത്മകവുമായ സമീപനമാണ് ഇക്കാര്യത്തിലുണ്ടാകേണ്ടതെന്നും അവർ പറഞ്ഞു.

ഓൺലൈനായി സംഘടിപ്പിച്ച പരിപാടി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. ചെയർ കോ-ഓർഡിനേറ്റർ ഡോ. രാജേഷ് വി നായർ സ്വാഗതവും കെ.എസ്. സുസ്മിത നന്ദിയും പറഞ്ഞു.

(പി.ആർ.ഒ./39/60/2022)

## ബഞ്ചമിൻ ബെയ്ലി ചെയർ - പ്രഭാഷണം ഇന്ന് (ജനുവരി - 14)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെയും കോട്ടയം സി.എം.എസ് കോളജിൻ്റെയും സംയുക്താഭിമുഖ്യത്തിൽ സർവ്വകലാശാലയിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള ബഞ്ചമിൻ ബെയ്ലി ചെയർ സംഘടിപ്പിക്കുന്ന ഈ വർഷത്തെ ആദ്യ പ്രഭാഷണം വിഖ്യാത പത്രപ്രവർത്തകനും ചെയർ പ്രൊഫസറുമായ പദ്മഭൂഷൺ എൻ റാം നിർവ്വഹിക്കും. " ഇന്ത്യയിലെ പൗരത്വത്തിൻ്റെ

ഭാവി " എന്നതാണ് പ്രഭാഷണത്തിൻ്റെ വിഷയം. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പരിപാടി ഉദ്ഘാടനം ചെയ്യും. സി. എം. എസ് കോളജ് പ്രിൻസിപ്പൽ ഡോ. വർഗ്ഗീസ് സി. ജോഷ്വ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ചെയർ കോ-ഓർഡിനേറ്റർ ഡോ. എസ്. ഹരികുമാർ സ്വാഗതവും ജോയിൻ്റ് കോ-ഓർഡിനേറ്റർ ഡോ.വിജോ തോമസ് കുര്യൻ നന്ദിയും പറയും.

ഇന്ത്യയിലെ ആധുനീക ഉന്നത വിദ്യഭ്യാസത്തിൻ്റെ ഉപജ്ഞാതാവും കേരളത്തിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻ്റെ ആദ്യ പ്രയോക്താവുമാണ് റവ. ബഞ്ചമിൻ ബെയ്ലി. കോട്ടയത്ത് കേരളത്തിലെ ആദ്യ അച്ചടിയന്ത്രം സ്ഥാപിച്ചതും അദ്ദേഹമായിരുന്നു. കോട്ടയം സി.എം.എസ് കോളജിൻ്റെ പ്രിൻസിപ്പലായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സൂം പ്ലാറ്റ്ഫോമിൽ ഓൺലൈനായി സംഘടിപ്പിക്കുന്ന പരിപാടിയിൽ 808 707 3456 എന്ന മീറ്റിംഗ് ഐ.ഡി യിൽ ലോഗിൻ ചെയ്ത് - BAILEY എന്ന പാസ് കോഡ് മുഖേന പങ്കെടുക്കുന്നതാണ്.

(പി.ആർ.ഒ./39/61/2022)

## പരീക്ഷ 28 മുതൽ

ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ് (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെൻ്ററി), മാസ്റ്റർ ഓഫ് ലൈബ്രറി സയൻസ് - 2016 അഡ്മിഷൻ - മേഴ്സി ചാൻസ് (ഡിപ്പാർട്ട്മെൻ്റ് ) 2019 ന് മുൻപുള്ള അഡ്മിഷൻ - മേഴ്സി ചാൻസ് (ഡിപ്പാർട്ട്മെൻ്റ്, അഫിലിയേറ്റഡ് കോളജുകൾ) പരീക്ഷകൾ ജനവരി 28ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ. പിഴയില്ലാതെ ജനുവരി 18 വരെയും 525 രൂപ പിഴയോടു കൂടി ജനുവരി 19 നും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 20 നും അപേക്ഷിക്കാം. ആദ്യ മേഴ്സി ചാൻസിൽ പരീക്ഷ എഴുതുന്നവർ 5250 രൂപയും രണ്ടാം മേഴ്സി ചാൻസിൽ പരീക്ഷ എഴുതുന്നവർ 7350 രൂപയും മൂന്നാംമേഴ്സി ചാൻസിൽ പരീക്ഷ എഴുതുന്നവർ 10500 രൂപയും പരീക്ഷാ ഫീസിനും സി.വി. ക്യാംപ് ഫീസിനും പുറമെ സ്പെഷ്യൽ ഫീസായി അടയ്ക്കണം.

(പി.ആർ.ഒ./39/62/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ